ഐ.ടി.ഐ.-കളിൽ പുതുതായി അനുവദിച്ച കോഴ്സുകൾ

47 [4925] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ.-കളിൽ ഈ വർഷം പുതുതായി കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഐ.ടി.ഐ.-കളിൽ പുതുതായി അനുവദിച്ച കോഴ്സുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ ചാക്ക ഐ.ടി.ഐ.-യിൽ 2003 ആഗസ്റ്റ് മുതൽ മെക്കാനിക്, മെഡിക്കൽ, ഇലക്ട്രോണിക്സ് എന്ന ട്രേഡും ധനുവച്ചപുരം ഐ.ടി.ഐ.-യിൽ ടൂൾസ് ആന്റ് ഡൈമേക്കർ/കോപ്പ എന്നീ ട്രേഡുകളിൽ ഓരോ അഡീഷണൽ യൂണിറ്റ് വീതവും ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ ഇലക്ട്രോപ്ലേറ്റർ അഡീഷണൽ ഒരു യൂണിറ്റും പുതുതായി അനുവദിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർ സെൽ രൂപീകരണം

48 [4926] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ:
" സി. മോയിൻകുട്ടി:
" ടി.പി.എം. സാഹിർ:
" ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളിൽ എത്ര ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ടെന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ എത്ര ലക്ഷം രൂപ ലാപ്സായിട്ടുണ്ടെന്നും ഏതു വർഷത്തിലാണ് ലാപ്സായതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) നാളിതുവരെ പൂർണ്ണ തോതിൽ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള ഓഫീസുകളുടെ എണ്ണം എത്രയെന്നും വിശദമാക്കുമോ;

(ഡി) ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർ സെൽ രൂപീകരിക്കുന്നതുസംബന്ധിച്ച് സർക്കാർ നിർദ്ദേശമുണ്ടായത് എന്നാണെന്നു വെളിപ്പെടുത്തുമോ;

(ഇ) കമ്പ്യൂട്ടർ സെൽ രൂപീകരിച്ചില്ലെങ്കിൽ അതു രൂപീകരിക്കുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly